(ബി) ഇയ്യ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത നിലമ്പൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 194/2014-ാം നമ്പർ കേസ്സിൽ (1) ബി. കെ. ബിജു, S/o.കൃഷ്ണൻ നായർ, (2) ഷംസുദ്ദീൻ @ ബാപ്പുട്ടി, S/o. ഉമ്മർ എന്നിവർ പ്രതികളായിട്ടുള്ളതും ടി പ്രതികളിലെ ഒന്നാം പ്രതി നിലമ്പൂർ ബ്ലോക്ക് കോൺഗ്രസ് ഓഫീസിലെ ഓഫീസ് സെക്രട്ടറിയായിരുന്നു. കൊലചെയ്യപ്പെട്ട രാധയുടെ സഹോദരൻ ഭാസ്കരൻ, ടി കേസ്സിൽ നീതിയുക്തമായ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രി, മനുഷ്യാവകാശ കമ്മീഷൻ എന്നിവർക്ക് പരാതി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കേസ്സിന്റെ അന്വേഷണം എ.ഡി.ജി.പി. ശ്രീമതി സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ നടത്തുകയും അന്വേഷണാനന്തരം രണ്ട് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസ്സിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും പ്രതികളെ ശിക്ഷിച്ചിട്ടുള്ളതുമാകയാൽ മറ്റൊരു അന്വേഷണം പരിഗണനയിലില്ല

സി.ബി.ഐ.-യ്ക്ക് കേസ് കൈമാറണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല

വർഗ്ഗീയത ചെറുക്കാൻ നടപടികൾ

265 (242) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർഗ്ഗീയത ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തിവരുന്നതായുള്ള എത്ര സംഭവങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഇവ ചെറുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

വർഗ്ഗീയത പടർത്തുന്നതിനുള്ള ശ്രമങ്ങൾ തുടക്കത്തിൽ തന്നെ ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. ജാതി മത മൗലിക സംഘടനകളുടെയും മറ്റും പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് ജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. എല്ലാ മാസവും ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെയും വകുപ്പ് മേധാവികളുടെയും പ്രതിനിധികളുടെയും യോഗം ചേർന്ന് സംഭവങ്ങൾ അവലോകനം ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ തേടുന്നു. കൂടാതെ വർഗ്ഗീയ സംഘർഷങ്ങൾ നേരിടുന്നതിന് സുശക്തമായ പോലീസ് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി വേണ്ടത്ര മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly